# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *442 — 21/03/2018-ൽ മറുപടിക്ക്

## ഔഷധങ്ങളുടെ വിലനിയന്ത്രണം

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**
**,, കെ.സുരേഷ് കുറുപ്പ്**
**,, ആന്റണി ജോൺ**
**,, പുരുഷൻ കടലുണ്ടി**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ഔഷധ നിർമ്മാണ കമ്പനികൾ യാതൊരു മാനദണ്ഡവുമില്ലാതെ പരമാവധി വിൽപന വില നിശ്ചയിച്ച് നിസ്സഹായരായ രോഗികളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ; | എ) ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ, 2013 പ്രകാരമുള്ള നോൺ-ഷെഡ്യൂൾഡ് ഫോർമുലേഷനുകളിൽ (വില നിശ്ചയിച്ച് ഉറപ്പിക്കാത്തവ) ചിലതിന് അമിതമായ എം.ആർ.പി. (പരമാവധി വിൽപ്പന വില) രേഖപ്പെടുത്തിയിട്ടുള്ളതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, ഡ്രഗ്സ് കൺട്രോൾ വകുപ്പ് കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ ഇക്കാര്യം രേഖാമൂലം അറിയിച്ച് പരിഹാരം തേടാറുണ്ട്. |
| ബി) സംസ്ഥാന സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വിൽക്കുന്ന ചില മരുന്നുകളുടെ വില എം.ആർ.പി.യുടെ കേവലം എട്ടുശതമാനം വരെ മാത്രം ആണെന്നതിനാൽ ഈ രംഗത്തെ ചൂഷണത്തിന്റെ തോത് മനസ്സിലാക്കി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാ സർക്കാർ ആശുപത്രികളിലും തുടങ്ങുന്നതിനെക്കുറിച്ച് പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ; | ബി) മരുന്ന് വിതരണ രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും പരമാവധി തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനേക്കാളും വിപണിവിലയിൽ നിന്ന് 10 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്തുവരുന്നു.<br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എല്ലാം തന്നെ സർക്കാർ ആശുപത്രി കോമ്പൗണ്ടിനുള്ളിലാണ് പ്രവർത്തിച്ചു വരുന്നത്. നിലവിൽ കേരളത്തിലെ 14 ജില്ലകളിലുമായി 60 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിച്ചുവരുന്നു. ജനപ്രതിനിധികളിൽ നിന്നോ ആശുപത്രി അധികാരികളിൽ നിന്നോ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കേരള മെഡിക്കൽ |

സർവ്വീസസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ പരിശോധിച്ച്, കുറഞ്ഞത് 300 സ്ക്വയർ ഫീറ്റോട്ടുകൂടി കെട്ടിടം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം പ്രസ്തുത ആശുപത്രികളിലെ ഒ.പി/ഐ.പി അനുപാതം കണക്കിലെടുത്തുകൊണ്ട് സർക്കാർ അനുവാദത്തോടുകൂടിയാണ് പുതിയ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നത്.

**സി)** തീരെ ചെറിയ വിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി നൽകുന്ന ചേരുവ നാമത്തിലുള്ള മരുന്നുകൾ (ജെനറിക് മരുന്നുകൾ) സ്റ്റോക്കില്ലാതെ വരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

**സി)** കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി പൊതുജനങ്ങൾക്ക് വളരെ കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച കേരള ജനറിക്സ് നിലവിൽ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്നു. കേരള ജനറിക്സ് പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ 94 ഇനം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. രണ്ടാം ഘട്ടത്തിൽ 60 ഇനം മരുന്നുകൾ കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ടി പട്ടികയിൽ നിന്നും 30-ഓളം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി വിതരണം ചെയ്തുവരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ ആറ് ഫാർമസികളിൽ പ്രസ്തുത മരുന്നുകൾക്ക് ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

ജനറിക് മരുന്നുകളുടെ വിപണന സാധ്യത അനുസരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ മറ്റു ശാഖകളിലും ജനറിക് മരുന്നുകളുടെ വിപണനം ആരംഭിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**